**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്നും ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2022 ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27.10.2022 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ യഥാക്രമം സ.ഉ(പി) നം. 74/2022/തസ്വഭവ, സ.ഉ(പി) നം. 75/2022/തസ്വഭവ പ്രകാരം 27.10.2022 ന് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനുമായാണ് ടി സംവിധാനം രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ ലഭിച്ച ഏതെങ്കിലും പരാതികളിന്മേൽ പരാതി പരിഹാര സെൽ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകാമോ? | (ബി) | ഇല്ല. പരാതികളിന്മേൽ പരാതി പരിഹാര സെൽ കൈക്കൊണ്ട തീരുമാനവും ശിപാർശയും സഹിതം റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ